**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **21.06.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : *333**

## അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കാരാട്ട് റസാഖ്**<br>**ശ്രീ. ജെയിംസ് മാത്യു**<br>**ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.കെ.ജെ. മാക്സി :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വ്യവസായ സൗഹൃദ നടപടികളിലൂടെ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച് നടത്തിയ വ്യവസായ സൗഹൃദ സർവ്വേയിൽ സംസ്ഥാനം രാജ്യത്ത് ആറാം സ്ഥാനം നേടിയത് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുള്ള ഒരു ഉപാധിയാക്കി മാറ്റുന്നതിന് നടത്തുന്ന പ്രചരണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന പദ്ധതികളും എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി സംസ്ഥാനം നടത്തിയ നിയമഭേദഗതികൾ പരിഷ്കാരങ്ങൾ തുടങ്ങിയവമൂലം നിക്ഷേപകരെ അകർഷിക്കാൻ കഴിയുന്നുണ്ട്<br><br>വ്യവസായ നിക്ഷേപകർക്കായി സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലുമായി 39 ഡെവലപ്പ്മെൻറ് ഏരിയ/ഡെവലപ്പ്മെൻറ് പ്ലോട്ടുകൾ ഉണ്ട്. ഇതിൽ ഭൂരിഭാഗവും സംരംഭകർക്ക് വ്യവസായം നടത്തുന്നതിനായി അനുവദിച്ച് നൽകി കഴിഞ്ഞു. ഇവയിൽ കട്ടിപ്പാറ, വരവൂർ എന്നീ വ്യവസായ എസ്റ്റേറ്റുകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. വികസനം പൂർത്തിയാകുന്ന മുറയ്ക്ക് സംരംഭകർക്ക് അനുവദിച്ച് നൽകുന്നതായിരിക്കും. വ്യവസായ സംരംഭങ്ങൾക്കുള്ള പ്രധാന അടിസ്ഥാന സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, ജലസൗകര്യം എന്നിവ ഒരുക്കി സംരംഭകർക്ക് നൽകുന്നതിന് വ്യവസായ വാണിജ്യവകുപ്പ് ഊന്നൽ നൽകുകയാണ്. ഈ വിധത്തിൽ അനുവദിക്കപ്പെടുന്ന ഭൂമി അപര്യാപ്തമായതിനാൽ കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശത്തിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.എറണാകുളത്തെ എടയാറിൽ ഒരു വ്യവസായ സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴക്കൽപാടത്തു രണ്ടു ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ആലപ്പുഴയിലെ പുന്നപ്രയിലും ബഹുനില സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. തിരുവനന്തപുരത്ത് വേളിയിലും പാലക്കാട് ഷൊർണ്ണൂരും, തൃശ്ശൂരിൽ വരവൂരിലും ബഹുനില സമുച്ചയങ്ങൾ നിർമിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.<br><br>പരമ്പരാഗത ഉൽപന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുവാനും വിപണനം ചെയ്യുന്നതിനും വേദി ഒരുക്കുന്ന തനതും നൂതനവുമായ പദ്ധതിയാണ് "വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ" എന്ന പദ്ധതി.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ സ്ഥലങ്ങളിൽ വ്യവസായ വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ചേർന്ന് വ്യവസായ വികസനവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കിൻഫ്രയുടെ അധീനതയിലുള്ള 24 വ്യവസായ പാർക്കുകളിൽ സംരംഭകർക്ക് വിവിധ സംരംഭങ്ങൾ ആരംഭിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട്. കൂടാതെ ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി പുതിയ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കി വരുന്നു.<br><br>കെ.എസ്.ഐ.ഡി.സി യുടെ അധീനതയിലുള്ള പാർക്കുകളിലും നിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ വിവിധ മേഖലകളിലുള്ള സംരംഭകരുടെ അഭ്യർത്ഥനകൾ പരിഗണിച്ച് വിവിധ പദ്ധതികൾ കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ മുതൽമുടക്കാനുള്ള പദ്ധതികൾ കണ്ടെത്തി സംരംഭകരെ കൊണ്ടുവരാനും കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള അനുകൂല ഘടകങ്ങളേയും പദ്ധതികളേയും കുറിച്ച് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ റോഡ് ഷോകളും ബിസിനസ്സ് മീറ്റുകളും ഉൾപ്പെടെ ആവശ്യമായ പ്രചരണ പരിപാടികൾ നടത്തുവാനും ഉദ്ദേശിക്കുന്നു. വ്യവസായ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുവാനും അതുവഴി വ്യവസായ വളർച്ചയ്ക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി ഈ വർഷം ആയിരം ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ലൈസൻസുകളും ക്ലിയറൻസുകളും ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിൽ നൽകുന്നതിന് രൂപീകരിച്ച കെ-സ്വിഫ്റ്റ് ന്റെ കാര്യക്ഷമത ഉറപ്പാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) | ലൈസൻസുകളും ക്ലിയറൻസുകളും ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിൽ നൽകുന്നതിന് രൂപീകരിച്ച ഓൺലൈൻ സംവിധാനമായ കെ-സ്വിഫ്റ്റ് 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റ് ന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br><br>പ്രസ്തുത ഏകജാലക സംവിധാനം ഏതൊരു വ്യവസായിക്കും 14 വകുപ്പിലേയ്ക്ക് ഒരേ സമയം അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസരം നൽകുന്നു. ഇതു മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുക മാത്രമല്ല സുതാര്യമായും വേഗത്തിലും ക്ലിയറൻസുകളും അനുമതിയും ലഭിക്കുന്നതാണ്. |
| (സി) | വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഭൂമി സർക്കാർ ഏറ്റെടുത്ത് പൊതു-സ്വകാര്യ വ്യവസായ പദ്ധതികൾക്ക് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ സ്ഥലങ്ങളിൽ വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ചേർന്ന് വ്യവസായ വികസനവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന ഭൂമിയിൽ ബഹുനില സമുച്ചയങ്ങൾ പണിയുന്നതിനോ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനോ ലക്ഷ്യമിടുന്നു. കൂടാതെ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ/ പാർക്കുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കറും പട്ടണ പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കറും വസ്തു ഉള്ള സ്വകാര്യ ഏജൻസികൾക്കുള്ള ഭൂമി സർക്കാർ വ്യവസായ എസ്റ്റേറ്റ് ആയി പ്രഖ്യാപിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് രണ്ട് കോടി രൂപ വരെ സഹായം നൽകുകയും ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്.<br><br>വ്യവസായ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് കിൻഫ്ര ഒരു ലാന്റ് ബാങ്ക് സ്ഥാപിക്കുന്ന കാര്യം വിഭാവനം ചെയ്തിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**